3. ശുദ്ധജലം ലഭ്യമാകുന്നതിന് Water Treatment Plant, Over Head Tank എന്നിവ നിർമ്മിക്കുന്നതുൾപ്പെടെ KWA deposit work ആയി നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ചാലക്കുടി നദിക്കരയിലുള്ള Intake well മുതൽ കൊരട്ടി ഇൻഫോ പാർക്ക് വരെയുള്ള പൈപ്പിടൽ നടപടികൾ പൂർത്തിയായിട്ടുണ്ട്. പ്രസ്തുത പ്രോജക്ട് 2015 ഡിസംബറോടുകൂടി പൂർത്തിയാകുമെന്ന് കരുതുന്നു.

4. അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി Internal roads, drains, cable trench എന്നിവ പുരോഗമിക്കുന്നു.

(ബി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ

314 (T* 663) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ലെന്ന പരാതി ശ്രദ്ധിച്ചിട്ടുണ്ടോ; എങ്കിൽ അത് പരിശോധിക്കുമോ ;

(ബി) ഫ്രണ്ട്സ് ജനസേവനകേന്ദ്രത്തിലടയ്ക്കുന്ന പണം ബന്ധപ്പെട്ട ലക്ഷ്യത്തിൽ യഥാസമയം വരവ് വയ്ക്കാത്തതുമൂലം പണമടയ്ക്കുന്നവർക്ക് ബുദ്ധിമുട്ടുകൾ നേരിടുന്നതിനാൽ സേവന കേന്ദ്രവും ലക്ഷ്യകേന്ദ്രവും തമ്മിലുള്ള ഏകോപനം കുറ്റമറ്റതാക്കാൻ നടപടി നടത്തുമോ ;

(സി) നിലവിൽ ഫ്രണ്ട്സ് ജനസേവന കേന്ദ്രത്തിൽ സർക്കാർ സേവങ്ങൾക്ക് നൽകുന്ന സൗജന്യം തുടരുന്നതോടൊപ്പം നിശ്ചിത ഫീസ് ഈടാക്കി അക്ഷയ കേന്ദ്രങ്ങൾ ലഭ്യമാക്കുന്ന സേവനങ്ങൾ ഇവിടെയും ആരംഭിക്കുന്നതിന് നിർദ്ദേശിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം പരാതികൾ പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുവാൻ കേരളാ സ്റ്റേറ്റ് ഐ.ടി. മിഷന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) എൻ.ഐ.സി.-യുടെ സഹകരണത്തോടെ വികസിപ്പിച്ചെടുത്ത പുതിയ സോഫ്റ്റ്വെയറായ "ഫ്രീസ്" പ്രവർത്തനം ആരംഭിച്ചതോടെ സേവനം ലഭ്യമായ ഡിപ്പാർട്ടുമെന്റുകളിലേക്ക് തത്സമയം തന്നെ ഓൺലൈനായി വിവരങ്ങൾ കൈമാറാൻ സാധിക്കുന്നുണ്ട്.

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) പൊതുജനങ്ങൾക്ക് വിവിധ ഓഫീസുകളിൽ പോകാതെ തന്നെ വിവിധ വകുപ്പുകളിലേക്ക്/സ്ഥാപനങ്ങളിലേക്ക് അടക്കാനുള്ള നികുതികളും യൂട്ടിലിറ്റി ബില്ലുകളും ഫീസുകളും ഒരു കേന്ദ്രത്തിൽ തന്നെ ഒടുക്കുന്നതിന് ഏർപ്പെടുത്തിയ ഏകജാലക സംവിധാനമാണ് ഫ്രണ്ട്സ്. എന്നാൽ അക്ഷയ കേന്ദ്രങ്ങളിൽ ഈ സേവനങ്ങൾക്ക് പുറമേ ഇ-ഡിസ്ട്രിക്ട്, എസ്.എസ്.ഡി.ജി., സർവ്വീസ് പ്ലസ്സ് തുടങ്ങിയ സേവനങ്ങളും കേന്ദ്ര സർക്കാരിന്റെ കോമൺ സർവ്വീസ് സെന്റർ (CSC) സ്കീമിന്റെ പരിധിയിൽ വരുന്ന മറ്റ് സേവനങ്ങളും ലഭ്യമാണ്. നിലവിൽ അക്ഷയ കേന്ദ്രങ്ങൾ മുഖാന്തരം നൽകി വരുന്ന സേവനങ്ങൾ ലഭ്യമാക്കുന്നതിന് ഫ്രണ്ട്സിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതും ഇതിനാവശ്യമായ സോഫ്റ്റ് വെയറുകളുടെ സംയോജനവും ആവശ്യമായി വരും. ഇത് ഫ്രണ്ട്സിന്റെ നടത്തിപ്പ് ചെലവ് ഇനിയും വർദ്ധിപ്പിക്കുന്നതിന് കാരണമാകും. അക്ഷയ കേന്ദ്രങ്ങൾ ഒരു പൊതു-സ്വകാര്യ സംരംഭമായിട്ടാണ് വിഭാവനം ചെയ്തിട്ടുള്ളത്. ആ നിലയ്ക്ക് തൊഴിലന്വേഷകർക്ക് ഒരു തൊഴിൽ സംരംഭമെന്ന നിലയിലാണ് സർക്കാർ ഈ പദ്ധതിയെ പ്രോത്സാഹിപ്പിച്ചു വരുന്നത്. കൂടാതെ കേരളത്തിലെ വർദ്ധിച്ച വിവര വിനിമയ സാന്ദ്രത (Tele Density) കണക്കിലെടുത്തും വ്യാപകമായ മൊബൈൽ ഉപയോഗവും പ്രയോജനപ്പെടുത്തിക്കൊണ്ട് സ്മാർട്ട് ഫോൺ പ്ലാറ്റ് ഫോമിലൂടെ സർക്കാർ സേവനങ്ങൾ ലഭ്യമാകുന്നതിനുള്ള നടപടികൾ സർക്കാർ ത്വരിതപ്പെടുത്തി വരികയാണ്.

## കുറ്റ്യാടി നാളികേര പാർക്ക്

315 (664) <u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഐ.ഡി.സി.-യുടെ ആഭിമുഖ്യത്തിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന കുറ്റ്യാടി നാളികേര പാർക്കിന്റെ നാളിതുവരെയുള്ള പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ;

(ബി) നിർദ്ദിഷ്ട പാർക്കിൽ എന്തെല്ലാം പദ്ധതികളാണ് കെ.എസ്.ഐ.ഡി.സി. നടപ്പാക്കുക എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) കോഴിക്കോട് ജില്ലയിൽ വടകര താലൂക്കിൽ വേളം വില്ലേജിൽ നാളികേര പാർക്ക് സ്ഥാപിക്കുന്നതിനുവേണ്ടി കെ.എസ്.ഐ.ഡി.സി. 115 ഏക്കർ സ്ഥലം 15 കോടി രൂപ മുടക്കി ഏറ്റെടുത്തിട്ടുണ്ട്. ഏറ്റെടുത്ത ഭൂമിയുടെ പോക്കുവരവു നടപടികൾ പൂർത്തിയായി വരുന്നു. പദ്ധതിയുടെ DPR കെ.എസ്.ഐ.ഡി.സി. M/s, Mahindra Consultancy Engineers മുഖേന തയ്യാറാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly